**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4483** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2021-22-ലെയും 2022-23-ലെയും ബജറ്റിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തിയ തുക വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന ബജറ്റിൽ 2021-22 സാമ്പത്തിക വർഷം 2708.54 കോടി രൂപയും 2022-23 സാമ്പത്തിക വർഷം 3276.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി 2021 -22 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിനും മറ്റുവകുപ്പിനുമായി പട്ടിക വർഗ്ഗ ഉപപദ്ധതി നടപ്പിലാക്കുന്നതിലേക്ക് 598.26 കോടി രൂപയും തദ്ദേശസ്വയം ഭരണ വകുപ്പിന്റെ TSP വിഹിതമായി 183. 10 കോടി രൂപയും ഉൾപ്പെടെ ആകെ 781.36 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിനും മറ്റ വകുപ്പിനുമായി പട്ടികവർഗ്ഗ ഉപപദ്ധതി നടപ്പിലാക്കുന്നതിലേക്ക് 657.95 കോടി രൂപയും തദ്ദേശസ്വയം ഭരണ വകുപ്പിന്റെ TSP യിൽ ഉൾപ്പെടുത്തി 201.55 കോടി രൂപയും ഉൾപ്പെടെ ആകെ 859.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; അറിയിക്കാമോ? | (ബി) | പട്ടികജാതി വിഭാഗങ്ങളുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഭൂരഹിത പുനരധിവാസ പദ്ധതി.<br>പട്ടികജാതിവിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമ പ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തു കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/ കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/-, 4,50,000/-, 6,00,000/-രൂപ വീതം ടി പദ്ധതി പ്രകാരം ഗ്രാന്റായി തുക അനുവദിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ലൈഫ് |

| | | | |
|---|---|---|---|
| | | | ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബലവിഭാഗങ്ങളുടെ (വേടൻ, നായാടി, അരുന്ധതിയാർ, കള്ളാടി, ചക്ലിയ തുടങ്ങിയവ) പുനരധിവാസ പദ്ധതിപ്രകാരവും ഭൂരഹിതർക്ക് ഭൂമി, കൃഷിഭൂമി എന്നിവ ലഭ്യമാക്കി പട്ടികജാതിവിഭാഗങ്ങളുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കുടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ച് അഞ്ചേക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും, അവരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി കണ്ടെത്തി പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ